**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2126** **14-10-2024 - ൽ മറുപടിയ്ക്ക്**

**മാങ്ങാട്ടുപറമ്പ് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ വന്ധ്യത ക്ലിനിക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മാങ്ങാട്ടുപറമ്പ് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ വന്ധ്യത ക്ലിനിക് സ്ഥാപിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | വന്ധ്യതാ നിവാരണ കേന്ദ്രത്തിന് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പ്രോജക്റ്റ് പ്രൊപ്പോസൽ 2022-23 ലെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തുകയും വന്ധ്യതാനിവാരണ ചികിത്സാ കേന്ദ്രത്തിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന് ഭരണാനുമതി നൽകുകയും ചെയ്തിരുന്നു. കൂടാതെ അൾട്രാ സൗണ്ട് സ്കാനിംഗ് മെഷീനും സ്ഥാപിച്ചു. ഇതോടനുബന്ധിച്ചുള്ള മറ്റ് ഉപകരണങ്ങൾ സ്ഥാപിച്ചിട്ടില്ല. 01/08/2024 ന് Level 1 ART Clinic ആയി ഓൺലൈനിൽ രജിസ്റ്റർ ചെയ്തു കൂടാതെ വന്ധ്യതാനിവാരണ ചികിത്സാകേന്ദ്രത്തിന് മാനവ വിഭവശേഷി അനുവദിക്കുന്നതിനുവേണ്ടി ലഭ്യമായ ശിപാർശ പരിശോധിച്ച് ആയതിന്റെ പുനർവിന്യാസ സാദ്ധ്യതയെപ്പറ്റിയുള്ള റിപ്പോർട്ട് സമർപ്പിക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത വന്ധ്യത ക്ലിനിക്കിനായി കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നത് പരിഗണിക്കാമോ? | (ബി) | മാങ്ങാട്ടുപറമ്പ് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ വന്ധ്യതാനിവാരണ ചികിത്സാ കേന്ദ്രത്തിലേക്ക് രണ്ട് ജൂനിയർ കൺസൾട്ടന്റ്-ഗൈനക്കോളജി, രണ്ട് നഴ്സിംഗ് ഓഫീസർ, രണ്ട് ഹോസ്പിറ്റൽ അസിസ്റ്റന്റ് എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശയിന്മേൽ പുനർവിന്യാസ സാദ്ധ്യത പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടറോട് നിർദ്ദേശിച്ചിട്ടുണ്ട്. അനിവാര്യമായ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയുമാണ്. |

സെക്ഷൻ ഓഫീസർ